(ബി) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ എത്ര വർഷമായി സർജന്റെ സേവനം ലഭ്യമാക്കിയിട്ട് എന്ന് വ്യക്തമാക്കാമോ ;

(സി) പിന്നോക്ക ജില്ലയായ കാസർഗോട്ടെ ജില്ലാ ആശുപത്രിയിൽ മാത്രം സർജന്റെ സേവനം ലഭ്യമാക്കാതിരിക്കുവാൻ എന്തെങ്കിലും കാരണമുണ്ടോ ; എങ്കിൽ വിശദീകരിക്കാമോ ;

(ഡി) പ്രത്യേക പരിഗണനയും പ്രാധാന്യവും നൽകി കാസർഗോട്ടെ ജില്ലാ ആശുപത്രിയിൽ അടിയന്തിരമായി സർജനെ നിയമിക്കുവാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലാശുപത്രിയിൽ സർജന്റെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്.

(ബി) 2000 ആഗസ്റ്റ് മാസം മുതൽ കാസർഗോഡ് ജില്ലാ ആശുപത്രിയിൽ സർജന്റെ സേവനം ലഭ്യമല്ല.

(സി) സർജൻമാരുടെ ലഭ്യതക്കുറവാണ് കാരണം.

(ഡി) പി.എസ്.സി.യിൽ നിന്ന് ഡോക്ടർമാരുടെ ലിസ്റ്റ് വരുത്തി സർജനെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലാ ആശുപത്രി

186 (1121) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ അനുവദിച്ച ഡോക്ടർമാരുടെ എണ്ണം എത്രയാണെന്നും അതിൽ എത്ര ഡോക്ടർമാരുടെ സേവനം ജനങ്ങൾക്കു ലഭിക്കുന്നുണ്ടെന്നും പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഇതിൽ എന്തെങ്കിലും പോരായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജില്ലാ ആശുപത്രിയിലെ കാഷ്വാലിറ്റിയിൽ എത്ര ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടെന്നും എത്ര ഡോക്ടർമാർ ഇപ്പോൾ സർവ്വീസിലുണ്ടെന്നും വിശദീകരിക്കാമോ ;

(ഡി) നിലവിലുള്ള ജില്ലാ ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ പ്രസ്തുത ജില്ലാ ആശുപത്രിയിൽ ഇല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ജില്ലാ ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ പ്രസ്തുത ആശുപത്രിയിൽ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 20 ഡോക്ടർമാരെ അനുവദിച്ചിട്ടുണ്ട്. അതിൽ മൂന്നുപേർ അവധിയിലാണ്. ബാക്കിയുള്ളവരുടെ സേവനം ലഭിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കാഷ്വാലിറ്റിയിൽ 4 ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. 4 പേരും ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) സാമ്പത്തിക ബുദ്ധിമുട്ടുമൂലം കൂടുതൽ ഡോക്ടർമാരെ നിയമിക്കാൻ ഇപ്പോൾ നിവൃത്തിയില്ല.

താന്നൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

187 (1122) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ താന്നൂർ പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തിയിട്ടും ഡോക്ടർമാരെയും പാരാ മെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന് ആവശ്യമായ നടപടികൾ ഏതു ഘട്ടത്തിലാണ് ;

(സി) കോളറയും എലിപ്പനിയും നിരന്തരമുണ്ടാകുന്ന തീരപ്രദേശമായ ഇവിടെ ഡോക്ടർമാരെയും മറ്റു ജീവനക്കാരെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) 22-2-2001 ലെ സർക്കാർ ഉത്തരവ് എം.എസ്. നമ്പർ 46/2001/ ആ.കു.വ. പ്രകാരം താന്നൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 3 അസിസ്റ്റന്റ് സർജന്മാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

പ്ലാക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഔട്ട് പേഷ്യന്റ് വിഭാഗം ആരംഭിക്കാൻ നടപടി

188 (1123) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുവത്തൂർ നിയോജക മണ്ഡലത്തിലെ പ്ലാക്കാട് പ്രാഥമികാ രോഗ്യ കേന്ദ്രങ്ങളിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ വിവരം ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) ഇവിടെ പുതുതായി നഴ്സിംഗ് സ്റ്റാഫിന്റെയും അറ്റൻഡറുടെയും തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly